ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം-695004
ഫോൺ: 2445749, 2445799
ഇ-മെയിൽ:dddtvm@gmail.com

നം.സി1/10508/2017

തീയതി.31/07/2017

## സർക്കുലർ നം. 18/17

വിഷയം:-ക്ഷീരവികസന വകുപ്പ് - അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള പാലിന്റെ അനധികൃതമായ ഒഴുക്ക് തടയുന്നത് - സംബന്ധിച്ച്.

എല്ലാ വർഷവും ജൂൺ ജൂലായ് മാസങ്ങളിൽ ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണം വർദ്ധിക്കുന്ന സമയമാണ്. മുൻവർഷത്തെ അപേക്ഷിച്ച് 2017 ജൂൺ മാസത്തിൽ മിൽമയുടെയും ക്ഷീരസംഘങ്ങളുടെയും പാൽ സംഭരണം ഏകദേശം 15 ശതമാനംകണ്ട് വർദ്ധിച്ചതായി കാണുന്നു. സർക്കാർ നടപ്പിലാക്കിയ പാൽ സംഭരണവില വർദ്ധനവ് പാലുല്പാദന വർദ്ധനവിന് സഹായകരമായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ അപേക്ഷിച്ച് അന്യസംസ്ഥാനങ്ങളിൽ സംഭരണവില കുറവാണ്. ഇക്കാരണത്താൽ അന്യസംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തേയ്ക്ക് പാൽ എത്തിച്ചേരുവാൻ സാധ്യത കാണുന്നു. നമ്മുടെ ക്ഷീരസംഘങ്ങളിലും പ്രത്യേകിച്ച് അതിർത്തിയ്ക്ക് അടുത്തുള്ള സംഘങ്ങളിൽ അന്യസംസ്ഥാനത്തു നിന്നുമുള്ള പാൽ സംഭരണത്തിനായി എത്തിച്ചേരാൻ സാധ്യതയുണ്ട്. ഇത് ഒരു വ്യാപാരമായി തുടർന്നാൽ നമ്മുടെ സംസ്ഥാനത്തെ ക്ഷീരകർഷകരുടെ താല്പര്യത്തെ പ്രതികൂലമായി ബാധിക്കുമെന്നു മാത്രമല്ല, കേരളസഹകരണ നിയമത്തിനു വിരുദ്ധവുമാണ്. ആയതു സംബന്ധിച്ച് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറും ആശങ്ക അറിയിച്ചിട്ടുണ്ട്. ആകയാൽ സംസ്ഥാനത്തേയ്ക്ക് വരുന്ന അന്യസംസ്ഥാന പാലിന്റെ അനധികൃതമായ ഒഴുക്ക് തടയുന്നതിന് അടിയന്തിര ശ്രദ്ധ ചെലുത്തുന്നതിനും സത്വര നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും കർശന നിർദേശം നൽകുന്നു. ക്ഷീരസംഘങ്ങളിൽ പരിശോധന നടത്തേണ്ടതും അന്യസംസ്ഥാന പാൽ സംഭരണം തടയുവാൻ കർശന നിരീക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുവാനും ഉചിതമായ നിയമാനുസൃത നടപടികൾ കൈക്കൊള്ളുവാനും ഡെപ്യൂട്ടി ഡയറക്ടർമാർക്കും വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഇതിനാൽ കർശന നിർദേശം നൽകുന്നു.

ഡയറക്ടർ

1) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) മാനേജിംഗ് ഡയറക്ടർ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
3) മാനേജിംഗ് ഡയറക്ടർ, മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ

DMR.01.08.17